# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *340 – 12/11/2019 - ലെ മറുപടിക്ക്

## എഡ്യൂക്കേഷൻ ലോൺ റീപേയ്മെന്റ് സപ്പോർട്ട് സ്കീമിന്റെ പുരോഗതി

ചോദ്യം

ശ്രീ.എം. സി. കമറുദ്ദീൻ

ശ്രീ. സി.മമ്മൂട്ടി

ശ്രീ. കെ.എം.ഷാജി

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | വിദ്യാഭ്യാസ വായ്പ തിരിച്ചടക്കാൻ കഴിയാതെ കടക്കെണിയിലായ തൊഴിൽരഹിതരെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; | വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി 'വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി' (Education Loan Repayment Support Scheme) എന്ന പേരിൽ ഒരു പദ്ധതി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 01.04.2012 മുതൽ 31.03.2016 വരെയുള്ള കാലയളവിൽ തിരിച്ചടവ് തുടങ്ങിയതും നിഷ്ക്രിയ ആസ്തി ആകാത്തതുമായ (Non NPA/Standard) വായ്പകൾക്ക് 2016-17 മുതൽ 2019-20 വരെയുള്ള 4 വർഷകാലയളവിലേയ്ക്ക് വാർഷിക തിരിച്ചടവ് തുകയുടെ ഒരു നിശ്ചിത ശതമാനം തുക സർക്കാർ തിരിച്ചടവ് സഹായമായി നൽകി വരുന്നു. കൂടാതെ, നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31.03.2016 ൽ നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്യുന്ന വിദ്യാഭ്യാസ വായ്പകൾ തീർപ്പാക്കുന്നതിനും സർക്കാർ സഹായം നൽകി വരുന്നു.<br><br>കേരളത്തിലെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് ഇന്ത്യയിലെ അംഗീകൃത പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നു. |

| | | |
|---|---|---|
| (ബി) | 2016-17 മുതൽ നടപ്പിലാക്കി വരുന്ന എഡ്യൂക്കേഷൻ ലോൺ റീപേയ്മെന്റ് സപ്പോർട്ട് സ്കീമിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | ഉണ്ട്. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി നിശ്ചയിച്ചിരുന്ന അവസാന തീയതി 31.01.2018 ആയിരുന്നു. ഇതനുസരിച്ച്, elrs.kerala.gov.in എന്ന പോർട്ടൽ വഴി 78062 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ 5512 അപേക്ഷകൾ യോഗ്യമല്ലാത്തതിനാൽ നിരസിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ, 30041 അപേക്ഷകൾ വിവിധ അപാകതകളാൽ താല്കാലികമായി നിരസിക്കപ്പെട്ടിട്ടുണ്ട്. (ആകെ 35553 അപേക്ഷകൾ ഇങ്ങനെ നിരസിക്കപ്പെട്ടിട്ടുണ്ട്). ബാക്കിയുള്ള 42509 അപേക്ഷകളിൽ പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് ബാങ്ക് പരിശോധിച്ച് എസ്.എൽ.ബി.സിയുടെ ശുപാർശയോടെ സർക്കാരിന് സമർപ്പിച്ച 19901 അപേക്ഷകളിൽ ഇതുവരെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയിൽ സമർപ്പിച്ചിട്ടുള്ള ബാക്കിയുള്ള അപേക്ഷകൾ വിവിധ തലങ്ങളിൽ പരിശോധനയിലാണ്. ടി അപേക്ഷകൾ ബാങ്ക് പരിശോധിച്ച് എസ്.എൽ.ബി.സി ശുപാർശയോടെ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്കാണ് സർക്കാർ വിഹിതം അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നത്. |
| (സി) | തുടർവർഷങ്ങളിൽ ഈ സ്കീം ഫലപ്രദമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | സ്റ്റാൻഡേർഡ് അക്കൗണ്ടുകളിൽ 2016-17, 2017-18 വർഷങ്ങളിലേയ്ക്കുള്ള ക്ലെയിമുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യമാണ് പോർട്ടലിൽ ആദ്യ ഘട്ടത്തിൽ ഒരുക്കിയിരുന്നത്. 2018-19 വർഷത്തെ ആനുകൂല്യത്തിന് അർഹരായവർക്ക് ക്ലെയിമുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം പോർട്ടലിൽ 2019 മാർച്ച് മുതൽ ലഭ്യമാക്കിയിട്ടുണ്ട്. ടി ക്ലെയിമുകൾ ബാങ്കുകൾ പരിശോധിക്കുന്നതിനായി 2019 മെയ് മാസത്തിൽ പോർട്ടലിൽ ആവശ്യമായ സജ്ജീകരണങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ